പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3263 — 20.06.2014- ൽ മറുപടിക്ക്

<u>സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ</u>

ചോദ്യം
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ അംഗീകാരമുള്ള അനാഥാലയങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സർക്കാരിന്റെ അംഗീകാരമുള്ള അനാഥാലയങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ താഴെക്കൊടുക്കുന്നു.<br>• അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 700 രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നു.<br>• അന്തേവാസികൾക്ക് BPL നിരക്കിൽ അരി, ഗോതമ്പ്, പഞ്ചസാര ഇവ ലഭ്യമാക്കുന്നു.<br>• സബ്സിഡി നിരക്കിൽ LPG ലഭ്യമാക്കുന്നു.<br>• ലോ താരിഫിൽ വൈദ്യുതി, ഗാർഹിക നിരക്കിൽ വെള്ളം ഇവ ലഭ്യമാക്കുന്നു.<br>• കെട്ടിട നികുതിയിൽ നിന്നും അനാഥാലയങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.<br>അനാഥാലയങ്ങളിലെ കുട്ടികൾക്ക് കേരളത്തിലെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ 5 സീറ്റ് വീതവും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സിന് 10% സീറ്റും, പോളിടെക്നിക്കിൽ 6 സീറ്റും ജനറൽ നേഴ്സിംഗ് കോഴ്സിന് 2 സീറ്റും സംവരണം ചെയ്തിട്ടുണ്ട്.<br>• അനാഥാലയങ്ങളിലെ കുട്ടികൾക്ക് +2 കോഴ്സിന് അവർ പഠിച്ചിരുന്ന സ്കൂളിൽ തന്നെ പ്രവേശനം നൽകുന്നതിന് സീറ്റ് റിസർവേഷൻ അനുവദിച്ചിട്ടുണ്ട്.<br>• അനാഥാലയങ്ങളിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | • അനാഥാലയങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 50,000 രൂപ നൽകി വരുന്നു.<br>• അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി 40 കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | സർക്കാർ അംഗീകൃത അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികളെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പരിശോധന നടത്താറുണ്ട്. കൂടാതെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയെയും പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി അഡീഷണൽ സെക്രട്ടറി അധ്യക്ഷനായ 3 അംഗ കമ്മിറ്റിയും പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ